പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 1 8.6.2015 ൽ മറുപടിയ്ക്ക്

## കരുതലും വികസനവും

| ചോദ്യം<br>ശ്രീ.റ്റി.യു.കുരുവിള,<br>,, സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ് | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) കഴിഞ്ഞ നാല് വർഷക്കാലം 'കരുതലും വികസനവും' എന്ന മുദ്രാവാക്യത്തിലൂടെ കൈവരിച്ച നേട്ടങ്ങളും നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിജയവും വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ ജനങ്ങളിൽ സർക്കാർ സഹായം അർഹിക്കുന്നവർക്ക് യഥാസമയം എത്തിക്കാൻ കഴിഞ്ഞു എന്നതാണ് പ്രധാന നേട്ടം. ജനകീയ പ്രശ്നങ്ങൾ ഭരണാധികാരിക്ക് നേരിട്ട് അറിയാനും മനസ്സിലാക്കാനും അവ പരിഹരിക്കാനും ജനസമ്പർക്ക പരിപാടി മുഖേന കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുകയും തുകകൾ വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം നടത്തുകയും ചെയ്തു. ദേശീയ നിരക്കിനേക്കാൾ മികച്ച വളർച്ചാ നിരക്ക് രേഖപ്പെടുത്തി. പി.എസ്.സി നിയമനങ്ങളിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും നേട്ടം കൈവരിക്കാനായിട്ടുണ്ട്. |
| ബി) വരുന്ന ഒരു വർഷക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെയും ക്ഷേമ പരിപാടികളുടെയും വിശദാംശം ലഭ്യമാക്കുമോ? | ബി) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് അടുത്ത വർഷം ആദ്യം പൂർത്തീകരിക്കാൻ കൊച്ചി മെട്രോയുടെ ആദ്യഘട്ടം 2016 ജൂണിൽ പൂർത്തീകരിക്കൽ, വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കൽ, സ്മാർട്ട് സിറ്റിയുടെ ആദ്യ ഘട്ടത്തിലെ ആറര ലക്ഷം ചതുരശ്ര അടി കെട്ടിടം ജൂണിൽ പൂർത്തികരിക്കൽ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ്മെട്രോ പദ്ധതി നടപ്പാക്കൽ തുടങ്ങി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനം സാധ്യമാകത്തക്ക തരത്തിലുള്ള വിവധ പദ്ധതികളാണ് സർക്കാർ അടുത്ത ഒരു വർഷക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

Kuttakul
സെക്ഷൻ ഓഫീസർ